"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് - 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.17 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.991/2023/LSGD തീയതി,തിരുവനന്തപുരം, 06-05-2023

---

പരാമർശം:-
1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.06.2017 ലെ എം3/15026/2017- നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 02.08.2018 ലെ ഡി.കെ.എസ്.എ 9141/2018/പി.റ്റി3 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന് കീഴിലെ പ്രൈമറി സ്കൂളുകളിലെ 25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ സംഗീതത്തിൽ പരിശീലനം നടത്തുന്നതിന് 25000/- രൂപയും അനുബന്ധമായി വിവിധ സംഗീത ഉപകരണങ്ങളിൽ പരിശീലനം നൽകുന്നതിന് 53000/- രൂപയുമടക്കം 78000 /- രൂപ ചെലവഴിച്ചിരുന്നു. പ്രസ്തുത ചെലവുകൾ കേരള വികസന പദ്ധതി മാർഗ്ഗനിർദേശങ്ങളിൽപ്പെടാത്ത മേഖലകളിൽ ആയതിനാൽ , ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം ടി 78000 /- രൂപ സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ സംഗീതാഭിരുചിയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ സംഗീതം പഠിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാതിരുന്നതിനാലാണ് പ്രൈമറി സ്കൂൾ തലത്തിൽ സംഗീത പരിശീലനം കൊടുക്കാൻ ഗ്രാമപഞ്ചായത്ത് പ്രൊജക്റ്റ് തയ്യാറാക്കി നടപ്പിലാക്കിയതെന്നും സംഗീതം അഭ്യസിക്കുന്ന കുട്ടികൾക്ക് സംഗീത ഉപകരണ പരിശീലനം ലഭിക്കുന്നത് സംഗീത ലോകത്ത് കൂടുതൽ പ്രയോജനപ്പെടുമെന്ന കാഴ്ച്ചപ്പാടോടെയാണ് ആവശ്യമായ സംഗീത ഉപകരണങ്ങൾ വാങ്ങിയതെന്നും പരസ്പരം അനുപൂരകമായി നടപ്പിലാക്കിയ മേൽ പദ്ധതികൊണ്ട് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും പദ്ധതിയുടെ ലക്ഷ്യം പൂർണമായും കൈവരിച്ചിട്ടുണ്ടെന്നും ആയതിനാൽ, മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 78000 /- രൂപയുടെ

ചെലവിന് സാധൂകരണം നല്കണമെന്ന് പരാമർ ശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. ഗ്രാമപഞ്ചായത്തിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ട സംഗീതാഭിരുചിയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയസംഗീതം പഠിക്കുന്നതിനുള്ള ഭൗതിക സൗകര്യം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ലഭ്യമല്ലാത്തതിനാലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പരസ്പരം അനുപൂരകമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവുകൊണ്ട് പഞ്ചായത്തിന് ധനനഷ്ടമൊന്നും വന്നിട്ടില്ലായെന്നുമുള്ള ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 03.11.2016 ലെ 183/16-ാം‌ം തീരുമാനം, കോഴിക്കോട് ജില്ലാ ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ തീരുമാനം എന്നിവ പരിഗണിച്ചും പരാമർശ ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികസന പദ്ധതി മാർഗ്ഗനിർദേശങ്ങൾക്കു വിരുദ്ധമായാണ് ടി പദ്ധതി നടപ്പിലാക്കിയിരിക്കുന്നതെങ്കിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ പരസ്പരം അനുപൂരകമായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവുകൊണ്ട് പഞ്ചായത്തിന് ധനനഷ്ടമൊന്നും വന്നിട്ടില്ലായെന്നുള്ളതിനാലും, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ജില്ലാ ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ തീരുമാനം, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ അനുകൂല ശുപാർശ എന്നിവ കണക്കിലെടുത്തും കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെത്തിയ 78,000/-(എഴുപത്തിയെട്ടായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

സ.ഉ.(സാധാ) നം.991/2023/LSGD

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/63/2017-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ